**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1837 17.06.2013-ൽ മറുപടി**

**<u>വർഗീയ സംഘടനകളുടെ ആയുധ പരിശീലനം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ സംഘടനകൾ ആയുധ പരിശീലനങ്ങളും കലാപങ്ങൾ സൃഷ്ടിക്കാൻ മുൻ ഒരുക്കങ്ങളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ചില സംഘടനയിൽപ്പെട്ടവർ ആയുധ പരിശീലനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ അത് കലാപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളാണെന്ന് വ്യക്തമാക്കുന്ന തെളിവുകളൊന്നും നിലവിൽ ലഭ്യമായിട്ടില്ല. ഇത്തരം കാര്യങ്ങൾ അന്വേഷണാവസ്ഥയിലും സൂക്ഷ്മ നിരിക്ഷണത്തിലുമാണ്. |
| ബി ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്ത മാക്കാമോ ? | ബി) ചില സംഘടനകൾ നടത്തുന്ന ആയുധ പരിശീലനത്തെപ്പറ്റി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ മയ്യിൽ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട നാറാത്ത് ടൗണിൽ ഫലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂളിനു പിന്നിലായുള്ളതും പി. എഫ്. ഐ.യുടെ അധീനതയിലുള്ളതുമായ തണൽ ട്രസ്റ്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഒറ്റനില കോൺക്രീറ്റ് കെട്ടിടത്തിൽ പി. എഫ്. ഐ. പ്രവർത്തകർ ആയുധ പരിശീലനങ്ങളിൽ ഏർപ്പെട്ടിരിക്കവെ 23.04.2013 തീയിതി പോലീസ് പാർട്ടി റെയിഡ് നടത്തുകയും പി. എഫ്. ഐ. പ്രവർത്തകരായ 21 പേരെ സ്ഥലത്തുനിന്നും കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് മയ്യിൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 276/13 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസിൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് |

കൈമാറണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി കേസ് അന്വേഷണാവസ്ഥയിലാകയാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാനാവില്ല. കൂടാതെ ഇത്തരം ആയുധ പരിശീലനങ്ങൾ മറ്റെവിടെയെങ്കിലും നടക്കുന്നുണ്ടോ എന്നതിനെപ്പറ്റിയും അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ